മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടന് റൂൾ 288 പ്രകാരം വിശദീകരണം നൽകാവുന്നതാണ്.

## IX. വ്യക്തിപരമായ പരാമർശം

പാതിവില തട്ടിപ്പുമായി ബന്ധപ്പെട്ട പരാമർശം

ഡോ. മാത്യു കുഴൽനാടൻ: സർ, ബജറ്റ് ചർച്ച നടക്കുന്ന വേളയിൽ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. വി. ജോയിയും ശ്രീ. കെ. പ്രേംകുമാറും രണ്ട് പ്രസ്താവന നടത്തി. അതായത്, പാതിവില തട്ടിപ്പുമായി ബന്ധപ്പെട്ട കേസിലെ പ്രതി എനിക്ക് ഏഴ് ലക്ഷം രൂപ നൽകിയെന്ന് പറഞ്ഞുവെന്നും ഞാൻ പിന്നീട് അത് നിഷേധിച്ചുവെന്നും ഞാൻ നിഷേധിച്ചതിനുശേഷം പോലീസ് കസ്റ്റഡിയിലിരുന്ന പ്രതി എങ്ങനെയാണ്, പിന്നീട് അദ്ദേഹത്തെ റിമാൻഡ് കാലാവധി നീട്ടുന്നതിനായി കോടതിയിൽ കൊണ്ടുവന്നപ്പോൾ പ്രതി ഞാനുമായി യാതൊരു ബന്ധവുമില്ലെന്നും എനിക്ക് ഒരു രൂപപോലും തന്നിട്ടില്ലെന്നും പറഞ്ഞുവെന്ന് പറഞ്ഞു. പക്ഷേ ഇതായിരുന്നു സാഹചര്യമെന്നിരിക്കെ, ഞാൻ ആദ്യം കരുതിയത് ഒരു മാധ്യമത്തിന്റെ നിലവാരം കുറഞ്ഞ റിപ്പോർട്ടിംഗിന്റെ ഭാഗമായി അവർ അവരുടെ അജണ്ട പ്രകാരം ചെയ്തുവെന്നാണ്. പക്ഷേ അത് ഇതുപോലെ സഭയിൽ വന്നുകൊണ്ട്

ആവർത്തിക്കുമ്പോൾ ഇതിന്റെ പിന്നിൽ എങ്ങനെയെങ്കിലും തേജോവധം ചെയ്യാനും ചെളി വാരിയെറിയാനും പരിശ്രമിക്കുന്ന ഒരു ഗൂഡാലോചന ഇവിടെ നടക്കുന്നുണ്ട്. വാസ്തവമുള്ള കാര്യമാണെങ്കിൽ നമ്മൾ ഇവിടെ വന്ന് ഫെയ്സ് ചെയ്യുമല്ലോ, പക്ഷേ തീർത്തും അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ, ദൈവാനുഗ്രഹം കൊണ്ട് മണിക്കൂറുകൾക്കകം അതിന്റെ സത്യസന്ധത പൊതുസമൂഹത്തിന്റ മുന്നിൽവന്ന കാര്യം വീണ്ടുംവീണ്ടും ഇവിടെ ആവർത്തിക്കുന്നത് മനഃപൂർവമാണ്. സഭാരേഖയിൽനിന്നും അവാസ്തവമായ കാര്യങ്ങൾ നീക്കം ചെയ്യാൻ അങ്ങ് തയ്യാറാകണം.

<u>മി. സ്പീക്കർ</u>: പരിശോധിക്കാം.